**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 312** **08-08-2023 - ൽ മറുപടിയ്ക്ക്**

**നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് ജനജീവിതം ദുസ്സഹമാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരത്തിലുള്ള വില വർദ്ധനവ് തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വിശദമാക്കാമോ? | (എ) | ഭക്ഷ്യധാന്യങ്ങളുടെ ഉല്പാദനം കുറഞ്ഞതിന്റെയും പണപ്പെരുപ്പത്തിന്റെയും, രൂപയുടെ മൂല്യശോഷണത്തിന്റെയും, ഇന്ധന വിലവർദ്ധനവിന്റെയും, കാലാവസ്ഥാ വ്യതിയാനത്തിന്റെയും ഫലമായും കൂടാതെ റഷ്യ-ഉക്രൈൻ യുദ്ധത്തെത്തുടർന്ന് ഉല്പാദകർ കയറ്റുമതിയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചതും രാജ്യത്ത് വിലക്കയറ്റം ഉണ്ടാകുന്നതിന് കാരണമായിട്ടുണ്ട്. സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വിലയിൽ വർദ്ധനവുണ്ടാകാതെ നിയന്ത്രിച്ച് നിർത്തുന്നതിനായി സർക്കാർ കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തി യിട്ടുണ്ട്.<br><br>വിലക്കയറ്റമുണ്ടാകുമ്പോൾ ഒരു സർക്കാരിന് ചെയ്യാൻ കഴിയുന്നത് വിപണിയിൽ ശക്തമായി ഇടപെടുക എന്നതാണ്. 13 ഇനം അവശ്യസാധനങ്ങൾ 2016 ഏപ്രിൽ മാസത്തെ വിലയ്ക്ക് നൽകി വരുന്നത് ഇതിന്റെ ഭാഗമായാണ്. സപ്ലൈകോ വഴിയുള്ള ഇത്തരം വിപണി ഇടപെടലിലൂടെ മാത്രം സംസ്ഥാനസർക്കാരിന് പ്രതിവർഷം ശരാശരി 315 കോടി രൂപ ചെലവ് വരുന്നു. മേൽ പരാമർശിച്ച 13 ഇനം സബ്സിഡി ഉൽപ്പന്നങ്ങൾ പൊതുവിപണിയിൽ നിന്നും വാങ്ങുന്നതിന് ശരാശരി 1383/- രൂപ നൽകേണ്ടി വരുമ്പോൾ, സപ്ലൈകോ വിൽപ്പനശാലകളിൽ ഇത് കേവലം 756/- രൂപയ്ക്ക് ലഭിക്കുന്നു. ഇതിലൂടെ ഒരു ഉപഭോക്താവിന് 627/- രൂപയുടെ ആനുകൂല്യം ലഭിക്കുന്നു. ഇന്ത്യയിലെ ഒരു സംസ്ഥാനത്തും ഇത്തരത്തിലുള്ള ഒരു വിപണി ഇടപെടൽ നടക്കുന്നില്ല.<br><br>പ്രതിമാസം ശരാശരി 35ലക്ഷം കാർഡുടമകൾ സപ്ലൈകോയുടെ വിപണി ഇടപെടലിന്റെ ആനുകൂല്യം കൈപ്പറ്റുന്നതായി കണക്കുകൾ വ്യക്തമാക്കുന്നു. ഇതിനുപുറമെ ഉത്സവ സീസണുകളിൽ വിലക്കുറവിൽ |

നിത്യോപയോഗ സാധനങ്ങൾക്കായി ഫെയറുകൾ സർക്കാർ സംഘടിപ്പിച്ചു വരുന്നുണ്ട്. കൂടാതെ, സപ്ലൈകോ വിൽപ്പനശാലകളുടെ സേവനം കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി 285 വിൽപ്പനശാലകൾ നവീകരിക്കുകയുണ്ടായി.

സഞ്ചരിക്കുന്ന റേഷൻഷോപ്പുകളുടെ സേവനം സംസ്ഥാനത്തെ 136 ആദിവാസി ഊരുകളിലേക്ക് വ്യാപിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

എൻ.എഫ്.എസ്.എ നിയമ പ്രകാരമുള്ള ടാർജറ്റ് പബ്ലിക്ക് ഡിസ്ട്രിബ്യൂഷൻ നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ വലിയൊരു വിഭാഗം റേഷൻ ആനുകൂല്യങ്ങൾക്ക് പുറത്തായി. കേവലമൊരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ 57% വരുന്ന ജനവിഭാഗം റേഷൻ സംവിധാനത്തിന് പുറത്തായത് വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചത്. എന്നാൽ കേരളത്തിലെ മുൻഗണനേതര വിഭാഗത്തിൽപ്പെട്ടവർക്കും കഴിയുന്ന തോതിൽ ഭക്ഷ്യവിതരണം നടത്തുന്ന സമീപനമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചു വരുന്നത്.

സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് ശ്രദ്ധയിൽപ്പെട്ട ഉടൻ തന്നെ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ മറ്റു വകുപ്പു മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, ജില്ലാ കളക്ടർമാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവരുമായി യോഗം ചേരുകയും വില വർദ്ധനവ് പിടിച്ചു നിർത്തുന്നതിന് വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നല്കുകയും ചെയ്തു. ഈ യോഗത്തിന്റെ തുടർച്ചയായി ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി സംസ്ഥാനത്തെ മൊത്ത വ്യാപാരി പ്രതിനിധികളെ വിളിച്ചു ചേർക്കുകയും കരിഞ്ചന്ത- പൂഴ്ത്തിവയ്പ്പ് എന്നിവ തടയുന്നതിന് കർശന നിർദ്ദേശം നല്കുകയും ചെയ്തു. തുടർന്ന് ഈ വിഷയത്തിലെ പുരോഗതി വിലയിരുത്തുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ അവലോകന യോഗങ്ങൾ നടത്തിവരുന്നുമുണ്ട്.

ടി യോഗങ്ങളുടെ അടിസ്ഥാനത്തിൽ കേരളത്തിലെ 14 ജില്ലകളിലും കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിനും വിലവിവരപട്ടിക പ്രദർശിപ്പിക്കുന്നതിനും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാ സപ്ലൈ ഓഫീസർ, ലീഗൽ മെട്രോളജി ഇൻസ്പെക്ടർ, ഫുഡ് സേഫ്റ്റി ഓഫീസർ എന്നിവരും താലൂക്ക് തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസർ, റേഷനിംഗ് ഇൻസ്പെക്ടർമാർ എന്നിവരും പൊതുവിപണിയിൽ

| | | | |
|---|---|---|---|
| | | | വിപുലമായ പരിശോധനകൾ നടത്തുകയും വിലവിവരം പ്രദർശിപ്പിക്കാത്ത വ്യാപാരികൾക്കെതിരെ നോട്ടീസ് നൽകി നടപടി സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം സംസ്ഥാനത്ത് ആകെ 2612 പരിശോധനകൾ നടത്തുകയും 760 ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടതിൽ നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ